കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് ഡി വിഭാഗം

Acad.D4/444/2022. തീയതി: 11.05.2022

പരാമർശം:-1.09.04.2010 തീയതിയിലെ Acad. D3/5239/2007 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
2.16.01.2019, 16.05.2019, 01.08.2019 തീയതികളിലെ Acad. D4/218/2018 നമ്പർ സർവ്വകലാശാലാ ഉത്തരവുകൾ.
3.04.03.2021 തീയതിയിലെ Acad.D4/274/2019 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
4.വിവിധ കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ചിരിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ
5 ഇതേ ഫയലിലെ സർവകലാശാല ഉത്തരവ് തിയ്യതി 25.03.2022
6 തളിപ്പറമ്പ സർ സയീദ് കോളേജ് ,ഗവ ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെ പ്രിൻസിപ്പാൾമാർക്കുള്ള 25.03.2022 തിയ്യതിയിലെ ഇതേ ഫയലിലെ കത്തുകൾ
7തളിപ്പറമ്പ സർ സയീദ് കോളേജ് പ്രിൻസിപ്പാളിന്റെ 06.03.2022 തിയ്യതിയിലെ നം ജി 1 - 23 / 2021 -22/PH
8 .തലശ്ശേരി ഗവ ബ്രണ്ണൻ കോളേജ് പ്രിൻസിപ്പാളിന്റെ 02.04.2022 തിയ്യതിയിലെ നം B6/560/2021/GBRCTLY നമ്പർ കത്ത്

ഉത്തരവ്

1.പരാമർശം (1), (2) എന്നിവ പ്രകാരം, 40 ശതമാനമോ അതിലധികമോ കാഴ്ചക്കുറവ് (blind), കേൾവിക്കുറവ് (deaf), സംസാരശേഷിക്കുറവ് (dumb), മസ്തിഷ്ക രോഗം മൂലമുള്ള പക്ഷാഘാതം (spastic), വായിക്കുവാനും എഴുതുവാനുമുള്ള പ്രയാസം (dyslexic) എന്നിവയിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ നേടിയ മാർക്കിന്റെ 25 ശതമാനം ഗ്രേസ് മാർക്ക്, ഓരോ പേപ്പറിനും 60 മിനുട്ട് വീതം അധിക സമയം, പകർപ്പെഴുത്തുകാരനെ വയ്ക്കുവാനുള്ള അനുവാദം, രണ്ടാം ഭാഷ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കൽ എന്നീ ആനുകൂല്യങ്ങൾ നൽകാൻ ഉത്തരവായിട്ടുണ്ട്.

2.കേന്ദ്രസർക്കാരിന്റെ പട്ടികയിൽ ഉൾപ്പെട്ട 21 വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും, എൻഡോസൾഫാൻ ബാധിതരായ വിദ്യാർത്ഥികൾക്കും ഓരോ സെമസ്റ്ററിലും നേടിയ ആകെ മാർക്കിന്റെ (theory/practical/viva voce) 25 ശതമാനം ഗ്രേസ് മാർക്കായി വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന വിഷയത്തിന് ചേർക്കുന്നതിനുള്ള അനുമതി, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുവാൻ പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3.പരാമർശം 4 പ്രകാരം വിവിധ കോളേജുകളിലെ പ്രിൻസിപ്പാൾമാർ സമർപ്പിച്ച ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ പരിഗണിച്ച് പരാമർശം അഞ്ച് പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുകയും ,പിഴവുകൾ പരിഹരിച്ച് പുനർ സമർപ്പിക്കുന്നതിനായി പരാമർശം ആറ് പ്രകാരം ബന്ധപ്പെട്ട കോളജുകൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്

4.ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ പരാമർശം ഏഴ് ,എട്ട് എന്നിവ പ്രകാരം താഴെ പട്ടികയിൽ പരാമർശിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ പിഴവുകൾ പരിഹരിച്ച് പുനർ സമർപ്പിച്ചിട്ടുണ്ട്

| Sl No | Name of the Candidate | Name of the Programme | Register Number | Nature of Disability |
|---|---|---|---|---|
| I. SIR SYED COLLEGE, TALIPARAMBA | | | | |
| 1. | FATHIMATHUL SAFNAS C | B A HISTORY | SS20AHIR037 | 75% Visual disability |
| 2 | NAVYA A | B A HISTORY | SS20AHIR047 | 50% diplegic cerebral palsy |
| V GOVT BRENNEN COLLEGE THALASSERY | | | | |
| 3 | VIJAY K | MA HINDI | C0PAHN1003 | 100% VISUAL DISABILITY |
| 4 | NEERAJA VINOD | MA HISTORY | C0PAHI1118 | 100% VISUAL DISABILITY |

5.മേൽ പ്രതിപാദിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച ബഹു. വൈസ് ചാൻസലർ, പട്ടികയിൽ വിവരിച്ച ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി ഉൾപ്പെടെയുള്ള സർവ്വകലാശാലാ പരീക്ഷകളിലെല്ലാം ഓരോ സെമസ്റ്ററിലും നേടിയ ആകെ മാർക്കിന്റെ (theory/practical/viva voce) 25 ശതമാനം ഗ്രേസ് മാർക്കായി അനുവദിച്ച് നൽകാൻ ഉത്തരവായിട്ടുണ്ട്.

6.മേൽ ഉത്തരവിൻ പ്രകാരമുള്ള ഗ്രേസ് മാർക്ക് പരീക്ഷാ വിഭാഗം നൽകുന്നതായിരിക്കും.
7.തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ബാലചന്ദ്രൻ വി കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**
**രജിസ്ട്രാർക്ക് വേണ്ടി**

സ്വീകർത്താവ്:പ്രിൻസിപ്പാൾ,
സർ സയ്യിദ് കോളേജ്, തളിപ്പറമ്പ
ഗവ ബ്രണ്ണൻ കോളേജ്, തലശ്ശേരി

പകർപ്പ്:
1. പരീക്ഷാ കൺട്രോളറുടെ പി.എ
2. പരീക്ഷാ വിഭാഗം AR II & AR III
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ